(ഇ) സംസ്ഥാനത്ത് ഏതൊക്കെ ഇനം കാർഷിക വിഭവങ്ങളെയാണ് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും കയറ്റി അയയ്ക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ളത്;

(എഫ്) സംസ്ഥാനത്തെ മൊത്ത വ്യാപാര മാർക്കറ്റിംഗ് സംവിധാനം പ്രസ്തുത പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) കാർഷിക വിഭവങ്ങളുടെ വിളവെടുപ്പ് കാലത്ത് ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കാനും കൃഷിക്കാർക്ക് ന്യായവില ലഭ്യമാക്കുന്നതിനും പ്രസ്തുത പദ്ധതി എപ്രകാരം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെയാരംഭിച്ച കൈതച്ചക്ക സംസ്കരണ ഫാക്ടറി ഇതിലൊന്നാണ്. നാളികേര ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ കേരഫെഡ് ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. ഇതിനു പുറമെ കേരളത്തിലെ ഉൽപ്പാദകരെയും വിദേശത്തെ തൽപരരായ വ്യാപാരികളേയും ബന്ധിപ്പിക്കുന്ന ഒരു പരിപാടി ആസൂത്രണം ചെയ്തു വരുന്നു.

(സി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടി ഏറ്റവും ആധുനികമായ യൂറോപ്യൻ സാങ്കേതിക വിദ്യയാണ് ലഭ്യമാക്കിയിട്ടുള്ളത്.

(ഡി) യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടുകൂടിയാണ് മൂവാറ്റുപുഴയിലെ പഴം സംസ്കരണ ശാല സ്ഥാപിച്ചിട്ടുള്ളത്.

(ഇ) പ്രോഗ്രാമിന്റെ പഴം സംസ്കരണശാലയിൽ താഴെ ചേർത്തിട്ടുള്ള വിഭവങ്ങളാണ് സംസ്കരിക്കുവാൻ സൗകര്യമുള്ളത്. കൈതച്ചക്ക, മാമ്പഴം, എന്നിവയുടെ സാന്ദ്രീകൃത പഴച്ചാർ കൈതച്ചക്ക, മാമ്പഴം, നേന്ത്രപ്പഴം, പപ്പായ എന്നിവയിൽ നിന്നുള്ള പഴം മിഠായികൾ കുടിക്കുവാൻ പാകത്തിൽ (ആർറ്റിഎസ്) ടെട്രാപാക്കറ്റുകളിൽ അടക്കം ചെയ്ത കൈതച്ചക്ക, മാമ്പഴം, എന്നിവയുടെ പഴച്ചാറുകൾ. ഇവയിൽ സാന്ദ്രീകൃതപഴച്ചാർ (പൂർണ്ണമായും അണുവിമുക്തമാക്കിയ പ്ലാസ്റ്റിക് സഞ്ചിയിൽ അടക്കം ചെയ്തത്) കേരോൽപ്പന്നങ്ങൾ (വെളിച്ചെണ്ണ ഗൾഫിലേക്ക് കയറ്റി അയച്ചു) മറ്റു പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ കയറ്റി അയച്ചു കൊണ്ടിരിക്കുന്നു.

(എഫ്) ഇ.ഇ.സി. മാർക്കറ്റിംഗ് പദ്ധതിയും കയറ്റുമതിയുമായി ബന്ധമില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

7 (*63) ശബരിമലയിലെത്തുന്ന ഭക്തജനങ്ങളുടെ സൗകര്യങ്ങൾക്കായി ക്രമീകരണങ്ങൾ

ശ്രീ. പി.സി. ജോർജ് :

ഡോ. കെ.സി. ജോസഫ് :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ആണ്ടത്തെ മണ്ഡല പൂജ, മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമലയിലെത്തുന്ന ഭക്തജനങ്ങളുടെ സൗകര്യങ്ങൾക്കായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മുൻവർഷം ഉണ്ടായതുപോലെ അപകടങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ഭക്തജനങ്ങൾക്ക് നൽകുന്ന ശുദ്ധജലം പരിപൂർണമായും ശുദ്ധീകരിക്കപ്പെട്ടതാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) ശബരിമല സന്നിധാനത്ത് പരിസര ശുദ്ധീകരണം കാര്യക്ഷമമായി നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ഭക്തജനങ്ങളിൽ നിന്നും കച്ചവടക്കാർ സാധനങ്ങൾക്ക് അമിതമായ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് വിവിധ വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. ശബരിമലയിലേക്കുള്ള റോഡുകളുടേയും അനുബന്ധ റോഡുകളുടേയും അറ്റകുറ്റപണികൾ പൊതുമരാമത്തു വകുപ്പ് പൂർത്തിയാക്കി. ശബരിമല, പമ്പ, വടശ്ശേരിക്കര, പത്തനംതിട്ട എന്നിവിടങ്ങളിൽ വൈദ്യസഹായം കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഡിയോളജിസ്റ്റുകൾ ഉൾപ്പെടെ കൂടുതൽ ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. ശുദ്ധജലവിതരണം, തടസ്സംകൂടാതെയുള്ള വൈദ്യുതി വിതരണം എന്നിവയ്ക്കും നടപടി സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തൽ, ട്രാഫിക് നിയന്ത്രണം, പാർക്കിംഗ് എന്നിവയ്ക്ക് പോലീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ കെ.എസ്.ആർ.ടി.സി. പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇറിഗേഷൻ വകുപ്പ്, വനം വകുപ്പ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, അയ്യപ്പസേവാസംഘം, ശബരിമല സാനിട്ടേഷൻ സൊസൈറ്റി തുടങ്ങിയവയും തീർത്ഥാടകർക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ബി) കഴിഞ്ഞവർഷം അപകടം ഉണ്ടായ സ്ഥലത്തും, നീലിമല, അപ്പാച്ചിമേട്, ശബരീപീഠം തുടങ്ങിയ സ്ഥലങ്ങളിലും പാണ്ടിത്താവളത്തും ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മകരവിളക്ക് ദർശനത്തിനായി തീർത്ഥാടകർ കേന്ദ്രീകരിക്കുന്ന സ്ഥലങ്ങളിൽ തിരക്ക് ഒഴിവാക്കുവാൻ വിവിധ ഭാഷകളിൽ അനൗൺസ്മെന്റ് നടത്താൻ നടപടി എടുത്തിട്ടുണ്ട്. മണ്ഡലപൂജ കാലത്തും മകരവിളക്ക് കാലത്തുമായി 1460 ഓഫീസർമാരേയും 11950 പോലീസുകാരെയും നിയോഗിച്ചിട്ടുണ്ട്. എല്ലാ താൽക്കാലിക ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകൾക്കും സുരക്ഷിതത്വത്തിനുവേണ്ടി എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ ഘടിപ്പിക്കുവാൻ നിർദ്ദേശങ്ങളുണ്ട്. ദർശനത്തിനെത്തുന്ന അയ്യപ്പഭക്തന്മാർ പാലിക്കേണ്ട കാര്യങ്ങളും അപകടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങുന്ന നോട്ടീസ് പല ഭാഷകളിൽ അച്ചടിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. തീർത്ഥാടകരെ ഉൽബുദ്ധരാക്കുന്നതിന് തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, പോണ്ടിച്ചേരി എന്നിവിടങ്ങളിലെ പോലീസ് ഡയറക്ടർ ജനറൽമാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സൂപ്പർ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയ ജല മാണ് വിതരണം ചെയ്യുന്നത്. ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാ നവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യ ത്തിൽ പമ്പയിലും സന്നിധാനത്തും ശുചീകരണം നടത്തുന്നതിന് തമിഴ്നാ ട്ടിൽ നിന്നും കൊണ്ടുവന്ന 500 തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന മേൽനോട്ടത്തിനായി രണ്ട് ഡെപ്യൂട്ടി കളക്ടർമാരുടെയും 4 തഹ സീൽദാർമാരുടെയും നേതൃത്വത്തിൽ റവന്യൂ/ഹെൽത്ത്/വികസന വകുപ്പുക ളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. 2130 ട്രെഞ്ച് ലാട്രിനുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോടതി ഉത്തരവനുസരിച്ച് പ്ലാസ്റ്റിക് കൂടുകൾ. പുകവലി എന്നിവയും നിരോധിച്ചിട്ടുണ്ട്.

(ഇ) ഭക്തജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഭക്ഷണ സാധനങ്ങളുടെ വില ജില്ലാ കളക്ടർ നിശ്ചയിക്കുകയും ഹോട്ടലുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിലവി വരപട്ടിക അനുസരിച്ചുള്ള വില മാത്രമേ ഈടാക്കുകയുള്ളൂ എന്ന് ഉറപ്പുവരു ത്തുവാൻ സ്കാഡുകളും നിയോഗിച്ചിട്ടുണ്ട്.

8 (*64) നികുതി വെട്ടിപ്പ് തടയാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് ഇതുവരെ നികുതി വെട്ടിപ്പുനടത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ബി) വിൽപ്പന നികുതി, വെട്ടിപ്പ് നടത്തിയ എത്ര കേസ്സുകൾ ഈ കാലയളവിൽ കണ്ടുപിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടി കൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇവരിൽ നിന്ന് പിഴയിനങ്ങളിൽ എന്തു തുക ഈടാക്കി;

(ഡി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) സംസ്ഥാനത്ത് നടപ്പു സാമ്പത്തികവർഷം ഇതുവരെ നികുതി വെട്ടിപ്പ് നടത്തിയ 25,26,370 കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്. മൊത്തം 58,26,05,000 രൂപയുടെ വിൽപ്പന നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്.

(സി) നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ വിൽപ്പന നികുതിനിയ മത്തിലെ സെക്ഷൻ 45 എ. 29 എ. പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചില കേസുകളിൽ വെട്ടിച്ച നികുതിതുകയുടെ തുല്യമായ തുക കോമ്പൗണ്ടിംഗ് ഫീസായി 73,71,500 രൂപയും പെനാൽറ്റിയായി 7,16,31,946 രൂപയും കളക്ട് ചെയ്തിട്ടുണ്ട്.

885/2010.

LIBRARY ARCHIVES Kerala Legislative Assembly